"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് 2024-25 - എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സിവിൽ & ഇലക്ട്രിക്കൽ പരിപാലന പ്രവൃത്തികൾ - ആദ്യ ഘട്ടത്തിലെ പണി പൂർത്തീകരിച്ച വകയിലെ പാർട്ട് ബിൽ തുക - റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.888/2025/H&FWD തീയതി,തിരുവനന്തപുരം, 26-03-2025

പരാമർശം:- 1. സ.ഉ.(സാധാ) നം.800/2024/ആ.കു.വ. തീയതി 15.03.2024.

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 18.03.2025 തീയതിയിലെ എ3/6853/2023/മെ.വി.വ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സിവിൽ & ഇലക്ട്രിക്കൽ പരിപാലന പ്രവൃത്തികൾ ചെയ്യുന്നതിനായി പരാമർശം 1 പ്രകാരം 85,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിലെ ജോലികൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരം ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് 13,78,353/- രൂപയുടെ പാർട്ട് ബില്ല് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടെന്ന് പരാമർശ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയും ബിൽ തുക BAMS വെബ് ആപ്പ് വഴി ക്രോസ്സ് മാപ്പിങ് നടത്തി '2210-05-105-61 (നോൺ പ്ലാൻ)' ശീർഷകത്തിൽ നിന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ഉണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സിവിൽ & ഇലക്ട്രിക്കൽ പരിപാലന പ്രവൃത്തികളുടെ ആദ്യ ഘട്ടത്തിലെ ജോലികൾ പൂർത്തീകരിച്ച വകയിലെ പാർട്ട് ബിൽ തുകയായ **13,78,353/- രൂപ (പതിമൂന്ന് ലക്ഷത്തി എഴുപത്തി എട്ടായിരത്തി മുന്നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം)**, **'2210-05-105-61 -അസറ്റ് മെയിന്റനൻസ് ഫണ്ട് (നോൺ പ്ലാൻ)'** ശീർഷകത്തിൽ നിന്നും റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതിനും അനുമതി നൽകുന്നു.

3. മേൽ അനുവദിച്ചിട്ടുള്ള തുക കൈമാറുന്നതിന് മുൻപായി ബില്ലുകളുടെ കൃത്യത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), എറണാകുളം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.2685007/HLT-A2/21/2024-ധന തീയതി 25.03.2025 പ്രകാരം)
വിവരപൊതുജനസമ്പ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/5/2024-HEALTH)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Gayathri G
Date: 26-03-2025 13:25:42